# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 539** **26.04.2017-ൽ മറുപടിക്ക്**

## പാറശ്ശാല മണ്ഡലത്തിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാൻ നടപടി

| | ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഗ്രാമീണമേഖലയായ പാറശ്ശാല മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ സ്ഥിരമായി ഉണ്ടാകുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളാമോ; | (എ) | പാറശ്ശാല മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം നേരിടുന്ന വിവിധ പ്രദേശങ്ങൾ പരിശോധിച്ച് ട്രാൻസ്ഫോർമർ ' സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം ഈ മണ്ഡലത്തിൽ 8 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നടപ്പ് സാമ്പത്തിക വർഷം 12 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്. |
| (ബി) | സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിൽ എവിടെയെല്ലാം പുതുതായി ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ട് എന്നുള്ള വിശദാംശം നൽകാമോ? | (ബി) | സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പാറശ്ശാല നിയോജക മണ്ഡലത്തിൽ പദ്ധതിക്കുവേണ്ടി ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടില്ല. |

Hemalatha

**സെക്ഷൻ ഓഫീസർ**